**Desabhimani**

**16 July 2018**

**Kochi ; Flood,Destruction, Chellanam, Seasickness**

# പനമ്പിള്ളിനഗറിൽ കൂറ്റൻമരങ്ങൾ നിലംപൊത്തി

**കൊച്ചി**

ശക്തമായ കാറ്റിലും മഴയിലും പനമ്പിള്ളിനഗറിൽ കൂറ്റൻ തണൽമരങ്ങൾ നിലംപൊത്തി. കടവന്ത്ര മനോരമ ജങ്ഷനിൽനിന്നു പനമ്പിള്ളിനഗറിലേക്കുള്ള റോഡിനുവശത്തായി ഊട്ടുപുര ഹോട്ടലിനു സമീപംനിന്ന മൂന്നു മരങ്ങളാണ് മറിഞ്ഞുവീണത്. അപകടസമയത്ത് റോഡിൽ വാഹനങ്ങൾ ഇല്ലാതിരുന്നത് വൻ അപകടം ഒഴിവാക്കി. റോഡിനുകുറുകെ മരങ്ങൾ വീണതുമൂലം തടസ്സപ്പെട്ട ഗതാഗതം രാത്രി 10.45 നാണ് പുനഃസ്ഥാപിച്ചത്. ഞായറാഴ്ച വൈകിട്ട് 5.30 ഓടെയാണ് ആദ്യമരം കടപുഴകിയത്. വിവരമറിഞ്ഞ് ഗാന്ധിനഗർ ഫയർസ്റ്റേഷനിൽനിന്ന് അഗ്നിശമനസേനാ ഉദ്യോഗസ്ഥരെത്തി ഇതു മുറിച്ചുമാറ്റുന്നതിനിടെ സമീപത്തുനിന്ന മറ്റു രണ്ടു മരങ്ങൾകൂടി വീഴുകയായിരുന്നു. തുടർന്ന് കൂടുതൽ ഫയർഫോഴ്സ് ഉദ്യോഗസ്ഥരെത്തി അഞ്ചുമണിക്കൂർ പരിശ്രമിച്ചാണ് മരങ്ങൾ മുറിച്ച് റോഡിൽനിന്നു നീക്കിയത്.

# ചെല്ലാനത്ത് കടൽക്ഷോഭം രൂക്ഷം

**പള്ളുരുത്തി**

ചെല്ലാനത്ത് കടൽക്ഷോഭം രൂക്ഷം. കമ്പിനിപ്പടി, ബസാർ, വേളാങ്കണ്ണി പ്രദേശങ്ങളിൽ നിരവധി വീടുകളിലാണ് വെള്ളം കയറിയത്. കടൽകയറ്റം തടയുന്നതിനായി നിർമിച്ച മണൽവാടകൾ പൂർണമായും തകർന്നു. ശനിയാഴ്ചയുണ്ടായതിനേക്കാൾ രൂക്ഷമായ കടൽകയറ്റമാണ് ഞായറാഴ്ച അനുഭവപ്പെട്ടത്. ഉച്ചയോടെയാണ് രൂക്ഷമായി വെള്ളം ഇരച്ചുകയറിയത്. കടൽ കവിഞ്ഞുവരുന്ന വെള്ളം ഒഴുകിപ്പോകുന്ന വിജയംകനാലും, ഉപ്പത്തുകാട് തോടും കടൽമണ്ണ് വീണ് നിറഞ്ഞതും കടൽക്ഷോഭം രൂക്ഷമാകാൻ കാരണമായതായി

നാട്ടുകാർ പറഞ്ഞു. പിഡബ്ല്യുഡി റോഡ് കവിഞ്ഞും വെള്ളം ഒഴുകുന്നത് യാത്രാക്ലേശം നേരിടുന്നുണ്ട്. വീടുകളിലും ശുചിമുറികളിലും വെള്ളം കയറിയതിനാൽ ചെല്ലാനത്തുകാർ ദുരിതത്തിലാണ്.